കൺസഷൻ ടിക്കറ്റുകളുടെ വിതരണത്തിലുണ്ടായ അഴിമതി

* 34. [62] ശ്രീ. പി. വി. ശങ്കരനാരായണൻ:
,, ഭാസ്കരൻ കാളാശ്ശേരി:
,, പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി ദയവു മറുപടി നൽകുമോ:

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽനിന്നും വിദ്യാർത്ഥികൾക്ക് നൽകുന്ന കൺസഷൻ ടിക്കറ്റുകളിൽ വന്പിച്ച അഴിമതി നടന്നതായി പത്രങ്ങളിൽ വന്ന വാർത്തയിൽ എന്തെങ്കിലും പരമാർത്ഥമുണ്ടോ;

(ബി) ശരിയാണെങ്കിൽ ഈ ഇനത്തിൽ കോർപ്പറേഷന് പ്രതിമാസം എത്ര രൂപ നഷ്ടം വരുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി അടിയന്തിരമായി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് നൽകുന്ന കൺസഷൻ ടിക്കറ്റിൽ ആറു മാറാട്ടം ഒഴിവാക്കാനായി അവരുടെ ഫോട്ടോകൂടി ഒട്ടിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിമന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ) ഈ അടുത്തകാലത്തായി കാലടി, എറണാകുളം, മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിലുള്ള കോളേജുകളിലെ ചില വിദ്യാർത്ഥികൾ കോളേജധികൃതരെ തെറ്റിദ്ധരിപ്പിച്ച് കൺസഷൻ ടിക്കറ്റുകൾക്കുള്ള അപേക്ഷാഫാറങ്ങൾ ഒപ്പിട്ടുവാങ്ങുകയും അവയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ ആഫീസുകളിൽനിന്നും വാങ്ങിയ കൺസഷൻ ടിക്കറ്റുകൾ തങ്ങളുടെ പരിചയത്തിൽപ്പെട്ട അർഹരായ ചില വിദ്യാർത്ഥികൾക്ക് കൈമാറ്റം ചെയ്തതായും ചില കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ക്രമക്കേടുകളെപ്പറ്റിയുള്ള അന്വേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണങ്ങൾ പൂർത്തിയായതിനുശേഷമേ കോർപ്പറേഷനു് എന്തുമാത്രം നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നു വ്യക്തമായി കണക്കാക്കാൻ സാദ്ധ്യമാകുകയുള്ളൂ.

(സി) ഇതിൻമേൽ കൂടുതൽ അന്വേഷണം തുടർന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണങ്ങൾക്കുശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൺസഷൻ ടിക്കറ്റുകളുടെ ദുരുപയോഗം തടയുന്നതിനായി വിദ്യാർത്ഥികൾക്ക് അവരവരുടെ ഫോട്ടോയോടുകൂടി ഐഡൻറിഫിക്കേഷൻ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള വിവിധ മാർഗ്ഗങ്ങൾ പരിഗണിച്ചുവരികയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): കൺസെഷൻ ടിക്കറ്റുകൾ മലബാർ ഭാഗത്ത് പ്രത്യേകിച്ച് പാലക്കാട് ഭാഗത്ത് വിദ്യാർത്ഥികൾക്ക് നൽകാറില്ലെന്ന കാര്യം അറിയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അറിയുകയില്ല.

ശ്രീ. ഭാസ്കരൻ കാളാശ്ശേരി: കൺസഷൻ ടിക്കറ്റ് വിതരണം ചെയ്യുന്നതിൽ ഇന്നുണ്ടാകുന്ന കുഴപ്പം ഒഴിവാക്കാനായി വിദ്യാർത്ഥി സംഘടനകളുടെ ഭാഗത്തുനിന്നോ, പൊതുജനങ്ങളിൽനിന്നോ, രാഷ്ട്രീയസംഘടനകളിൽനിന്നോ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ നിവേദനത്തിൽ പറയുന്ന കാര്യങ്ങൾ എന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ക്രമക്കേടുകളെപ്പറ്റി ആരിൽനിന്നു പരാതി കിട്ടിയിട്ടുണ്ടെന്നു വിവരം ഇപ്പോഴും എന്റെ കൈവശമില്ല.

ശ്രീ. മുസ്തഫാ പൂക്കോയ തങ്ങൾ: മലബാർ ഭാഗത്തു വിദ്യാർത്ഥി കൾക്ക് ഇന്നു കൺസെഷൻ കാട്ടുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തിയാൽ അതു നൽകുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു സാധാരണഗതിയിൽ ചെയ്യേണ്ട കാര്യമാണ്. എവിടെയെങ്കിലും നിയമപ്രകാരം കിട്ടാൻ അർഹതയുണ്ടെങ്കിൽ അതു ചെയ്യുന്നതാണ്.

ശ്രീ. മുസ്തഫാ പൂക്കോയ തങ്ങൾ: മലബാർ പ്രദേശത്ത് ഒരു വിദ്യാർത്ഥിക്കും കൺസെഷൻ ടിക്കറ്റു ഇന്നു കിട്ടുന്നില്ല. അതു നൽകുന്ന തിനുവേണ്ട നിർദ്ദേശം അടിയന്തിരമായി നൽകുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ബഹുമാനപ്പെട്ട അംഗം പറയുന്നത് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അങ്ങനെയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിച്ച് എന്താണ് കൊടുക്കാത്തതെന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: കൺസെഷൻ ടിക്കറ്റുകളുടെ വിതരണ ത്തിൽ അഴിമതി എവിടെയെല്ലാം നടന്നിട്ടുണ്ടെന്നാണ് ഗവൺമെന്റിന് വിവരം കിട്ടിയിട്ടുള്ളത്; അത് മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പറയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു ഞാൻ ഉത്തരത്തിൽ പറയി ച്ചല്ലോ. കാലടി, എറണാകുളം, മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിലെ കോളേജുകളിലെ ചില വിദ്യാർത്ഥികളാണ് ഈ സംഭവത്തിനു കാരണക്കാർ. ആ സ്ഥലങ്ങളിലാണ് ഈ സംഭവം നടന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 'മുതലായ' എന്നു പറയുന്നത് ഏതെല്ലാം സ്ഥലങ്ങളാണ്; വ്യക്തമായി എവിടെയെല്ലാം എന്തു നടന്നു എന്നു അറിയാൻ വേണ്ടി ചോദിക്കുകയാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഒരു അദ്ധ്യാപകൻകൂടിയായ ബഹു മാനപ്പെട്ട ചന്ദ്രസേനൻ ഇങ്ങനെ ചോദിച്ചതിൽ എനിക്ക് ഖേദമുണ്ട്. അറിയ പ്പെട്ടിട്ടുള്ള സ്ഥലങ്ങളും ഈ പറഞ്ഞതു മാത്രമായിരിക്കണമെന്നുള്ളതുകൊണ്ട് മുതലായ എന്നു ചേർത്തതാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഒരു അദ്ധ്യാപകൻകൂടിയായ എനിക്ക് വിദ്യാർത്ഥികളും എവിടെയെല്ലാം എന്തെല്ലാം കുഴപ്പം കാണിച്ചു എന്നു അറിയാൻ ബാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് വീണ്ടും ഈ കാര്യം ചോദിച്ചത്. ഈ ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ, അന്വേഷിച്ചു അറിവു കിട്ടിയ തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതേപ്പറ്റി അന്വേഷണം നടത്തിയ തിൽ മിസ്യൂസ് പല തരത്തിൽ നടക്കുന്നുണ്ടെന്നു മനസ്സിലായി. കൺസെ ഷൻ ടിക്കറ്റുമായി ബസ്സിൽ കയറിയിട്ട് കൺഡക്ടറെക്കൊണ്ട് മാർക്ക് ചെയ്യിക്കാതെ രക്ഷപ്പെടുന്ന സമർത്ഥൻമാരുണ്ട്. യാത്ര ചെയ്യാൻ പറഞ്ഞി രിക്കുന്ന പോയിന്റിനു അപ്പുറത്ത് ഇറങ്ങുന്ന ആളുകളുണ്ട്. കൂട്ടുകാരോടുള്ള സ്നേഹംകൊണ്ട് തന്റെ ടിക്കറ്റ് അന്യർക്ക് കൊടുത്ത് യാത്ര ചെയ്യിക്കു ന്നുണ്ട്. ഇങ്ങനെ ന്യായമല്ലാത്ത പല കാര്യങ്ങളും നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly